**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6553** **20-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മത്സ്യബന്ധന തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖം എപ്പോഴാണ് പ്രവർത്തനം തുടങ്ങുകയെന്ന് അറിയിക്കാമോ; | (എ) | ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തിക്കായി 2975 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഒന്നാം ഘട്ട പ്രവൃത്തി 2015 ഡിസംബർ മാസം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. ബ്രേക്ക് വാട്ടറിന്റെ നീളവും അകലവും വർദ്ധിപ്പിക്കണമെന്ന ആവശ്യപ്രകാരം പുതുക്കിയ മോഡൽ സ്റ്റഡി നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. മോഡൽ സ്റ്റഡി റിപ്പോർട്ട് പ്രകാരം വടക്കേ പുലിമുട്ടിന് 240 മീ. വടക്കു ഭാഗത്തായി 540 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിനും നിലവിലുള്ള തെക്കേ പുലിമുട്ട് 200 മീ. നീളം വർദ്ധിപ്പിക്കുന്നതിനുമാണ് ശുപാർശ ചെയ്തിരുന്നത്. ഇതിന്റെ ആദ്യഘട്ടമായി നിലവിലുള്ള വടക്കേ പുലിമുട്ടിന്റെ വടക്ക് ഭാഗത്തായി 200 മീറ്റർ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മോഡൽ സ്റ്റഡി പ്രകാരമുള്ള ശേഷിക്കുന്ന ബ്രേക്ക് വാട്ടർ നിർമ്മാണവും ബീച്ച് ലാന്റിംഗും അനുബന്ധ കെട്ടിടങ്ങളും ഉൾക്കൊളളിച്ച 7100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ മത്സ്യത്തൊഴി ലാളികൾ ഹാർബർ ഉപയോഗിച്ച വരുന്നുണ്ട്. |
| (ബി) | ഏത് പ്രവൃത്തിയാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | മോഡൽ സ്റ്റഡി പ്രകാരം, ശേഷിക്കുന്ന പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ ഗിയർ ഷെഡ്, റസ്റ്റ് ഷെഡ്, ഷോപ്പ് ബിൽഡിംഗ്, ക്യാന്റീൻ ബിൽഡിംഗ്, ബീച്ച് ലാന്റിംഗ് ഫെസിലിറ്റി, ഇന്റേണൽ റോഡ്, വർക്ക് ഷോപ്പ് ബിൽഡിംഗ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, നെറ്റ് മെൻഡിംഗ് ഷെഡ്, അപ്രോച്ച് റോഡ്, ഓക്ഷൻ ഹാൾ, പാർക്കിംഗ് ഏരിയ എന്നിവയാണ് ഇനി പൂർത്തിയാക്കാനുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ; | (സി) | ഹാർബറിന്റെ ബാക്കി പ്രവൃത്തികൾ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് വിനിയോഗിച്ച തുക എത്രയാണെന്നും ഏത് ഫണ്ടിൽ നിന്നാണ് ഈ തുക വിനിയോഗിച്ചതെന്നും അറിയിക്കാമോ; | (ഡി) | ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 29,85,55,254/- രൂപയും ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി 18,38,84,921/-രൂപയും വിനിയോഗിച്ചിട്ടുണ്ട്. |
| (ഇ) | ബാക്കിയുള്ള പ്രവൃത്തികൾക്കുള്ള തുക എത്രയാണെന്നും പ്രസ്തുത തുക ഏത് ഫണ്ടിൽ നിന്നും എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ? | (ഇ) | 71,00,00,000/- രൂപയുടെ എസ്റ്റിമേറ്റാണ് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ